No.CEE/2900/07/KEAM-2008/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം**

# പത്രക്കുറിപ്പ്

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

സൂചന: നമ്പർ 21155, 21674, 21782 എന്നീ റിട്ട് പെറ്റിഷനുകളിൻമേൽ ബഹു. കേരളാ ഹൈക്കോടതിയുടെ 23-07-2008ലെ ഉത്തരവ്

17-07-2008ന് പ്രസിദ്ധീകരിച്ച അലോട്ടുമെന്റ്പ്രകാരം സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അലോട്ടുമെന്റ് ലഭിക്കുകയും ഫീസ് അടയ്ക്കുകയും ചെയ്ത വിദ്യാർത്ഥികൾ 26-07-2008 മുതൽ 29-07-2008 വരെയുള്ള കാലയളവിൽ പ്രസ്തുത കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

താഴെ പറഞ്ഞിരിക്കുന്ന സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിൽ അലോട്ടുമെന്റ് ലഭിച്ച് ഫീസ് അടച്ചിട്ടുള്ള വിദ്യാർത്ഥികളും 2008 ജൂലൈ 26 മുതൽ 29 വരെയുള്ള തീയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി (CMC)

അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കണ്ണൂർ (KNM)

പരിയാരം ഡെന്റൽ കോളേജ്, കണ്ണൂർ (KND)

സർക്കാർ നിയന്ത്രിത മെഡിക്കൽ/ഡെൻൽ കോളേജുകളിലെ 35% മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഫീസ് അടയ്ക്കുന്നതിനും പ്രവേശനത്തിനുമുള്ള തീയതി പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

വിവിധ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെൻൽ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിൽ പ്രവേശന പരീക്ഷ കമ്മീഷണറുടെ അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനം നേടേണ്ട തീയതി പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
24-07-2008